**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയഭൂമിയിലെ മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 27.06.2019-ന് പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പ മന്ത്രി മീറ്റിംഗ് വിളിച്ചിരുന്നോ; എങ്കിൽ പ്രസ്തുത മീറ്റിംഗിന്റെ തീരുമാനങ്ങൾ എന്തൊക്കെയിരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | കുട്ടമ്പുഴ വനമേഖലയിലെ വന്യമൃഗ ആക്രമണങ്ങളും പട്ടയഭൂമിയിലെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാനുള്ള അനുമതിയും സംബന്ധിച്ച് ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.06.2019-ൽ യോഗം നടന്നിരുന്നു. പ്രസ്തുത യോഗത്തിലെ മരംമുറിയുമായി ബന്ധപ്പെട്ട തീരുമാനം ; "പട്ടയം ലഭിച്ച ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് മുഴുവനായി ഒരു ഏകീകൃത നിയമം വേണമെന്നതാണ് വനം വകുപ്പിന്റെ അഭിപ്രായമെന്നും ഇത് പട്ടയഭൂമിയും പട്ടയവ്യവസ്ഥയും സംബന്ധിച്ച വിഷയമായതിനാൽ ബഹു. റവന്യൂ മന്ത്രി കൂടി ഉൾപ്പെടുന്ന റവന്യൂ വകുപ്പും വനം വകുപ്പും കൂടിച്ചേർന്ന് ഒരു സംയുക്ത യോഗം വിളിച്ച് കേരളത്തിലെ പട്ടയഭൂമിയിലെ മരം മുറി സംബന്ധിച്ച് ഒരു ഏകീകൃത നിയമം കൊണ്ടുവരുന്ന വിഷയം പരിശോധിക്കാമെന്നും തീരുമാനിച്ചു ". |
| (ബി) | പട്ടയഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവ മുറിക്കുന്നതുസംബന്ധിച്ച് പ്രസ്തുത മീറ്റിംഗിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടയം ലഭിച്ച ശേഷം ഭൂമിയിൽ കർഷകർ സ്വയം നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനോട് വനം വകുപ്പിന് അനുകൂല നിലപാടാണ് ഉള്ളതെങ്കിലും ഇത്തരം പട്ടയങ്ങളിൽ Kerala Land Assignment Act പ്രകാരം 1964 ലെ Kerala Land Assignment Rules നിലവിൽ വരുന്നതുവരെ നൽകപ്പെട്ടിട്ടുള്ളവയിൽ ടി റൂൾ 9(2), 9(3) പ്രകാരമുള്ള നിബന്ധനകൾ ബാധകമായിട്ടുള്ളതാണെന്നും ഈ പട്ടയത്തിന്റെ ഷെഡ്യൂളിൽ എടുത്തു പറഞ്ഞിരിക്കുന്ന ഇനം മരങ്ങളും, ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നീ ഇനം മരങ്ങളുടെയും ആയവയുടെ ഭാവിയിൽ വളർന്നുവരുന്നവയുടെയും ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ് എന്നും, മറ്റു മരങ്ങൾ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി മുറിച്ചുകൊണ്ടുപോകുന്നതിന് തടസ്സമില്ലാത്തതാ |

| | | | |
|---|---|---|---|
| | | | ണെന്നും ഷെഡ്യൂളിൽ റിസർവ്വ് ചെയ്തിട്ടുള്ള തേക്ക്, കരിമരം, എബണി, ചന്ദനം ഒഴിച്ചുള്ള മരങ്ങൾ മുറിക്കുന്നതിൽ വനം വകുപ്പിന് അനുകൂല നിലപാടാണ് ഉള്ളതെന്നും ആയതിന് തടസ്സമായി നിൽക്കുന്ന പട്ടയവ്യവസ്ഥയിലെ നിബന്ധനകളിൽ ഇളവ് നൽകുന്നതിന് ടി വിഷയം റവന്യൂ വകുപ്പുമായി കൂടി ആലോചിക്കേണ്ടതാണെന്നും, സംസ്ഥാനത്ത് മുഴുവനായി ഒരു ഏകീകൃത നിയമം വേണമെന്നതാണ് വനം വകുപ്പിന്റെ അഭിപ്രായമെന്നും, ഇത് പട്ടയഭൂമിയും, പട്ടയവ്യവസ്ഥയും സംബന്ധിച്ച വിഷയം ആയതിനാൽ ബഹു. റവന്യൂ മന്ത്രി കൂടി ഉൾപ്പെടുന്ന റവന്യൂ വകുപ്പും, വനം വകുപ്പും കൂടി ചേർന്ന് ഒരു സംയുക്തയോഗം വിളിക്കാവുന്നതാണെന്നുമാണ് വനം വകുപ്പ് സ്വീകരിച്ച നിലപാട്. |
| (സി) | 03.09.2019 ന് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മേധാവി ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് ആവർത്തിച്ചിരുന്നോ; | (സി) | 03.09.2019-ന് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മേധാവി ഇതു സംബന്ധിച്ച് സ്വീകരിച്ച നിലപാട് ആവർത്തിച്ചിരുന്നു. |
| (ഡി) | പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുവദിച്ചുകൊണ്ട് റവന്യൂ മന്ത്രിയുടെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24.10.2020-ന് ഇറക്കിയ ഉത്തരവ് വനം വകുപ്പ് സ്വീകരിച്ച നിലപാടുകൾക്ക് വിരുദ്ധമായിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 24.10.2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് വനം വകുപ്പ് സ്വീകരിച്ച നിലപാടുകളിൽ നിന്നും വ്യത്യസ്തമായി വ്യഖ്യാനിക്കാവുന്ന തരത്തിലുള്ള തായിരുന്നു. പ്രസ്തുത ഉത്തരവ് വനം വകുപ്പ് ആസ്ഥാനത്ത് 09.11.2020-ൽ ലഭിച്ചെങ്കിലും ടി ഉത്തരവോ, പരിപത്രമോ നടപ്പിലാക്കാൻ യാതൊരു നിർദ്ദേശവും സർക്കിൾ തലവന്മാർക്കോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കോ വനം വകുപ്പ് ആസ്ഥാനത്ത് നിന്ന് നല്കിയിരുന്നില്ല. കൂടാതെ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച മേൽ പരിപത്രത്തിന്റേയും സർക്കാർ ഉത്തരവിന്റേയും മറവിൽ ആയവയെ തെറ്റായി വ്യാഖ്യാനിച്ച് ഈട്ടി, തേക്ക് തുടങ്ങിയ വിലപിടിപ്പുള്ള സർക്കാർ മരങ്ങൾ സ്വകാര്യഭൂമികളിൽ നിന്നും സ്വകാര്യകൈവശ ഭൂമികളിൽ നിന്നും കടത്തിക്കൊണ്ട് പോകാൻ സാദ്ധ്യതയുണ്ടെന്നു കാണുകയാൽ ഈ വിഷയത്തിൽ മുറിക്കപ്പെട്ട സർക്കാർ വക തടികൾ കസ്റ്റഡിയിലെടുക്കേണ്ടതും കേരള വനനിയമം സെക്ഷൻ 82, Kerala Forest (Preservation, reproduction and disposal of trees and other timber belonging to Government but grown on lands in the occupation of private persons) Rules 1975, Kerala Forest (Prohibition of Felling of Trees Standing on Land Temporary or Permanently Assigned) Rules 1995 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതു മാണെന്നു വനം |

| | | | |
|---|---|---|---|
| | | | വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ